പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5933 | 09.07.2012 - ൽ മറുപടിക്ക് |

## എളവൂർ റെയിൽവേ മേൽപ്പാലം

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ എളവൂർ മേൽപാലത്തിന്റെ നിർമ്മാണത്തിനായുള്ള അടങ്കൽ തുക എത്രയാണ് ; ഇതിൽ സംസ്ഥാനത്തിന്റെ വിഹിതം എത്രയെന്നും റെയിൽവേ/ കേന്ദ്രവിഹിതം എത്രയെന്നും അറിയിക്കുമോ ; | (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ എളവൂർ മേൽപാലത്തിന്റെ (പുളിയനം) നിർമ്മാണം അപ്രോച്ച് ഭാഗം ആർ.ബി.ഡി.സി.കെ.യും റെയിൽവേ ഭാഗം റെയിൽവേയുമാണ് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ (ആർ.ബി.ഡി.സി.കെ.) നിർമ്മിക്കുന്ന ഭാഗത്തിന്റെ അടങ്കൽ തുക 7,58,57,130/- രൂപയാണ്. പണി പൂർത്തിയായ ശേഷം ലാന്റ് അക്വിസിഷൻ ഒഴികെയുള്ള ചെലവ് സംസ്ഥാനവും റെയിൽവേയും തുല്യമായി വഹിക്കുന്നതാണ്. |
| (ബി) സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | (ബി) സംസ്ഥാന സർക്കാരിന്റെ (ആർ.ബി.ഡി.സി.കെ.) നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടായിട്ടില്ല. റെയിൽവേയുടെ ഭാഗം ഒഴിച്ചുള്ള ഭാഗത്തിന്റെ നിർമ്മാണം ജൂലൈ16- ാം തീയതിയോടെ പൂർത്തിയാകും. (ടാറിംഗ് ഒഴികെ) |

| | | | |
|---|---|---|---|
| (സി) | റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; നിർമ്മാണ പ്രവർത്തനത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | റെയിൽവേയുടെ ഭാഗം റെയിൽവേ തന്നെയാണ് നിർമ്മിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായെന്നാണ് അറിയാൻ കഴിഞ്ഞത്. |
| (ഡി) | പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | ആർ.ബി.ഡി.സി.കെ. ചെയ്യുന്ന അപ്രോച്ച് ഭാഗത്തിന്റെ പണി ജൂലൈ 16-ാം തീയതി തീരും (ടാറിംഗ് ഒഴികെ). റെയിൽവേയുടെ ഭാഗത്തിന്റെ വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ